"ഭരണഭാഷ – മാതൃഭാഷ"

വ്യാവസായിക പരിശീലനവകുപ്പ്

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/40205/2018-B6 തീയതി: 23-09-2024

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അക്കൗണ്ട്സ് - മെഡിസെപ് പോർട്ടലിൽ അക്കൗണ്ടിംഗ് പൂർത്തീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന:- 1. G.O (P) No. 70/2022/Fin. Dated: 23/06/2022.

2. G.O (P) No. 194/2022/Fin. Dated: 29/10/2022.

3. സർക്കുലർ നം. 6/2024/ധന തീയതി 19/01/2024.

4. സർക്കുലർ നം. 14/2024/ധന. തീയതി 11/03/2024.

5. 18/04/2023 ലെ ഇതേ നമ്പർ സർക്കാർ കത്ത്.

6. ധനകാര്യ (എസ് എൻ സി- മെഡിസെപ്) വകുപ്പിൽ നിന്നുള്ള 24/08/2024 തീയതിയിലെ 2310714/മെഡ്-എൻസി3/1/2023 നമ്പർ കത്ത്.

------

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പദ്ധതി സംബന്ധിച്ച പ്രീമിയം അടവുകളും സർക്കാരിന് ലഭിച്ച തുകയും സംബന്ധിച്ച അതാത് മാസത്തെ accounting reconciliation statement സൂചന (2) പ്രകാരം അക്കൗണ്ടന്റ് ജനറലിന് അതിനടുത്ത മാസം 10-ന് തന്നെ electronically submit ചെയ്യേണ്ടതുണ്ട്. മെഡിസെപ്പുമായി ബന്ധപ്പെട്ട്, ഇൻഷ്വറൻസ് കമ്പനിയ്ക്ക് സർക്കാർ ഒടുക്കിയ ഒന്നും, രണ്ടും പോളിസി വർഷങ്ങളിലെ പ്രീമിയം തുക, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കി തിരികെ ലഭിച്ച തുകയേക്കാൾ കൂടുതലാണ് എന്നും ഇത് പരിഹരിക്കുന്നതിനായി ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഗുണഭോക്താക്കളുടെ അക്കൗണ്ടിംഗ് എന്നിവ ക്രമീകരിക്കുന്നതിന്റെ ഭാഗമായി മെഡിസെപ് പോർട്ടലിൽ reconciliation ചെയ്യുന്നതിന് സൂചന (3), (4) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും 2022-23 പോളിസി വർഷത്തെ പ്രീമിയം അക്കൗണ്ടുകൾ ക്രമീകരിക്കേണ്ട തീയതി 25/03/2024 ആണെന്നും നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

**വകുപ്പിന് കീഴിലുള്ള ഡി.ഡി.ഒ മാർ മെഡിസെപ്പ് പോർട്ടൽ പരിശോധിച്ച് accounting module-ൽ ജൂലൈ 2022 മുതൽ ജൂൺ 2024 വരെയുള്ള ഒന്നും, രണ്ടും പോളിസി കാലയളവിൽ മെഡിസെപ് പ്രീമിയം അക്കൗണ്ടിംഗ് നാളിതുവരെ ഫൈനലൈസ് ചെയ്തിട്ടില്ല എങ്കിൽ പോർട്ടലിൽ reconciliation ചെയ്യുന്നതിന് സഹായകമായി ഏറ്റവും പുതിയ വീഡിയോ പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. പ്രസ്തു വീഡിയോ കണ്ടതിന് ശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ, ധനകാര്യ (ഐ.ടി) വകുപ്പിലെ ടോൾ ഫ്രീ നമ്പരായ 1800-425-1857 ലേക്കോ മെഡിസെപ് നോഡൽ സെല്ലിലെ 0471-2517389 ഫോൺ നമ്പരിലേക്കോ സംശയനിവാരണത്തിനായി ബന്ധപ്പെടാവുന്നതാണ്.**

മേൽ സൂചനകൾ പ്രകാരം കർശന നിർദ്ദേശം നൽകുകയും തുടർന്ന് പൂർത്തീകരിക്കേണ്ട തീയതി നീട്ടി നൽകിയിട്ടും പ്രസ്തുത നടപടി പൂർത്തിയാക്കാതെ വരുത്തുന്ന വീഴ്ചയുടെ ഉത്തരവാദിത്തം

അതാത് ഡി.ഡി.ഒ-മാർക്ക് മാത്രമായിരിക്കും എന്ന് സൂചന (4)-ൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ എല്ലാ ഡി.ഡി.ഒ-മാരും മെഡിസെപ് പോർട്ടലിൽ അക്കൗണ്ടിംഗ് ഫൈനലൈസ് ചെയ്തിട്ടില്ലായെങ്കിൽ ആയത് അടിയന്തരമായി **ഒക്ടോബർ 1-നകം** പൂർത്തിയാക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നത് അതാത് ഡി.ഡി.ഒയുടെ ബാധ്യതയായി കണക്കാക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

Shammi Baker A
JOINT DIRECTOR
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ് :- വകുപ്പിന് കീഴിലുള്ള എല്ലാ സബ് ഓഫീസുകൾക്കും

Signed by
Shammi Baker A
Date: 23-09-2024 21:51:12